**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3987** **28-06-2024 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങളും നിരീക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങളും നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ അതിഥി തൊഴിലാളി കളുടെ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങളും നിരീക്ഷിക്കുന്നതിനും തടയുന്നതിലേക്കുമായി പോലീസ് ജാഗ്രതയോടെയാണ് പ്രവർത്തിച്ചു വരുന്നത്. എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലും സ്ഥിതി ചെയ്യുന്ന അതിഥി തൊഴിലാളികളുടെ ലേബർ ക്യാമ്പുകൾ കേന്ദ്രീകരിച്ച് പോലീസ് നിരന്തരം പട്രോളിംഗും നിരീക്ഷണവും റെയ്ഡുകളും നടത്തി വരുന്നു. ജനമൈത്രി ബീറ്റ് ഓഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തി അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ സന്ദർശനം നടത്തി അവരുടെ സ്ഥിതി വിവരങ്ങൾ മനസ്സിലാക്കുകയും അവരുടെ പേരും മറ്റ് വിവരങ്ങളും രേഖപ്പെടുത്തിയും വരുന്നു. |
| (ബി) | മയക്കുമരുന്ന് വിപണനത്തിന് അതിഥി തൊഴിലാളികൾ വഹിക്കുന്ന പങ്കിനെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ ഇടയിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധന ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെതിരെ സംസ്ഥാനമൊട്ടാകെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്നയിടങ്ങളിൽ അതത് പോലീസ് സ്റ്റേഷനുകളുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുകയും സംസ്ഥാനത്തെ ലഹരി വിരുദ്ധ സ്ക്വാഡായ ANTF-ന്റെയും ജില്ലകളിലെ DANSAF സ്ക്വാഡുകളുടെയും നേതൃത്വത്തിലും റെയിൽവെ സ്റ്റേഷനുകൾ, ജില്ലാ അതിർത്തികൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധനകളും നടത്തി വരുന്നുണ്ട്. നിയമപാലകരും, തൊഴിലാളികളും പ്രദേശവാസികളും തമ്മിലുള്ള മികച്ച ആശയവിനിമയം വളർത്തിയെടുക്കുന്നത് മൂലം ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | സംശയാസ്പദമായ പ്രവർത്തനങ്ങൾ നടത്തുന്നവരെ കുറിച്ചുള്ള വിവരം ശേഖരിക്കുന്നതിന് സഹായിക്കുന്നു. ആയതിലേക്ക് നിയമപാലകരും തൊഴിലാളികളും തമ്മിൽ വിശ്വാസം ഉറപ്പിക്കുന്ന മൈഗ്രന്റ് കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | ക്രമസമാധാന പാലനത്തിൽ അതിഥി തൊഴിലാളികൾ മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ക്രമസമാധാനപാലനത്തിൽ അതിഥി തൊഴിലാളികൾ മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതിലേക്കായി ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ അടങ്ങിയ പ്രൊഫൈൽ അവരുടെ നാട്ടിലെ പോലീസ് സ്റ്റേഷനുകളുടെ ഡാറ്റാബേസുമായി പരസ്പരം ഒത്തുനോക്കി വരുന്നുണ്ട്. കൂടാതെ തൊഴിൽ ഉടമകൾ മുഖേന അതതു പോലീസ് സ്റ്റേഷനിൽ ഇവരെ സംബന്ധിച്ച വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ കേരളത്തിൽ വിവിധ പോലീസ് സ്റ്റേഷനുകളിലായി 4,26,519 അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. കൂടാതെ അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങളിലും മറ്റും നിരീക്ഷണം ഏർപ്പെടുത്തിയും അവശ്യഘട്ടങ്ങളിൽ റെയ്ഡുകൾ നടത്തിയും ഇവർ മൂലം ഉണ്ടാകാൻ സാധ്യതയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു. കൂടുതൽ പരിശോധനകൾ ആവശ്യമാകുന്ന ഘട്ടത്തിൽ ഇതര ശാസ്ത്രീയ മാർഗ്ഗങ്ങൾ കൂടി അവലംബിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ